## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **30.9.2011-ൽ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ. 1263**

### തോട്ടം തൊഴിലാളികൾക്ക് ബി.പി.എൽ.കാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) വയനാട്ടിലെ തോട്ടം തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) വയനാട്ടിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പ്ളാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന ആശ്വാസ ധനസഹായം നൽകിവരുന്നു. തോട്ടം മേഖലയിൽ തുടർന്നുവരുന്ന പ്രതിസന്ധി കാരണം പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വിദ്യാർത്ഥികളായ മക്കൾക്കും താഴെ പറയുന്ന കാര്യങ്ങൾക്കായി മേൽ പറഞ്ഞ കമ്മിറ്റി ആനുകൂല്യങ്ങൾ വിതരണം നടത്തിവരുന്നു.<br>1. പഠനോപകരണങ്ങളുടെ വിതരണം<br>2. ആരോഗ്യ പരിപാലനം<br>3. ലയങ്ങളുടെ അറ്റകുറ്റപ്പണി<br>4. ഉന്നത വിദ്യാഭ്യാസ ധനസഹായം<br>5.മാരക രോഗം ബാധിച്ചവർക്കുള്ള ധനസഹായം |

6.പ്രവർത്തനം നിലച്ച തോട്ടങ്ങളിലെ തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം.

7. അടിയന്തിര സാഹചര്യങ്ങളിൽ കമ്മിറ്റിക്ക് ഉചിതമെന്നു വ്യക്തമാകുന്ന വിഷയങ്ങൾക്ക് ആവശ്യമായ ധനസഹായം. 2009-2010 വർഷത്തെ പ്രവർത്തനങ്ങൾക്കായി 28 ലക്ഷം രൂപ വയനാട് ജില്ലാ കളക്ടർ മുഖേന നൽകിയിട്ടുണ്ട്.

(ബി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വരുമാന പരിധി നോക്കാതെ ബി.പി.എൽ. കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ;

(ബി) പരിശോധിക്കുന്നതാണ്.

(സി) ജീവിതച്ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ തോട്ടം മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

(സി) തോട്ടം തൊഴിലാളികളുടെ കൂലി പരിഷ്കരിക്കുന്നതിനായുള്ള ചർച്ചകൾ ലേബർ കമ്മീഷണർ ചെയർമാനായുള്ള പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ വളരെ ഊർജ്ജിതമായി നടത്തിവരികയാണ്.

സെക്ഷൻ ഓഫീസർ